**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2294**

**18.03.2015-ൽ മറുപടിയ്ക്ക്**

## മട്ടന്നൂർ വെള്ളിയാം പറമ്പിലെ കിൻഫ്ര വ്യവസായ പാർക്ക്

| **ചോദ്യം**<br>ശ്രീ. ഇ.പി.ജയരാജൻ | **മറുപടി**<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) മട്ടന്നൂർ വെള്ളിയാം പറമ്പിലെ കിൻഫ്രാ വ്യവസായ പാർക്കിന് വ്യ.വസായ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചത് എത് ഉത്തരവു പ്രകാരമാണ്; | എ) മട്ടന്നൂർ വെള്ളിയാം പറമ്പിലെ കിൻഫ്ര വ്യവസായ പാർക്കിന് 28.6.2014-ലെ സ.ഉ (ആർ.ടി) നം.719/2014/ഐ.ഡി പ്രകാരം ഭരണാനുമതി നൽകി. |
| ബി) വ്യവസായ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയിട്ടുള്ളത്; | ബി) വ്യവസായ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി. |
| സി) എത്ര തുകയുടെ കേന്ദ്ര ധനസഹായത്തിനുള്ള പ്രോജക്ടാണ് ഇതുമായി ബന്ധപ്പെട്ട സമർപ്പിച്ചിട്ടുള്ളത്; | സി) കിൻഫ്രയുടെ ആകെയുള്ള 128 ഏക്കർ ഭൂമിയിൽ നിന്ന് 40 ഏക്കർ സ്ഥലത്ത് ഒരു പ്ലാസ്റ്റിക്ക് പാർക്ക് തുടങ്ങുവാനായി കേന്ദ്ര സർക്കാരിലെ കെമിക്കൽസ് & ഫെർട്ടിലൈസേർസ് മന്ത്രാലയത്തിന്റെ അനുമതിക്കായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ 40 കോടി രൂപയുടെ കേന്ദ്ര സഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. |
| ഡി) കേന്ദ്ര ധനസഹായത്തിനുള്ള പ്രോജക്ട് സമർപ്പിച്ചതെപ്പോഴാണ്; | ഡി) 05.05.2014-ലാണ് പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. |
| ഇ) ഇതിന്മേൽ കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | ഇ) കേന്ദ്ര സർക്കാരിലെ കെമിക്കൽസ് & ഫെർട്ടിലൈസേർസ് മന്ത്രാലയം 12.6.2014-ൽ സംസ്ഥാന സർക്കാരിന് നൽകിയ മറുപടിയിൽ 12-ാം പഞ്ചവത്സര പദ്ധതിയുടെ (2012-17) വിഹിതം കേന്ദ്ര സർക്കാരിന്റെ ആവശ്യപ്രകാരം ഉയർത്തി ഫണ്ട് കണ്ടെത്തുന്ന മുറയ്ക്ക് പദ്ധതി പരിഗണിക്കപ്പെടുന്നതായിരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. |
| എഫ്) ഇതിനോടകം സംസ്ഥാന ഗവൺമെന്റ് എത്ര തുക മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിന് അനുവദിച്ചിട്ടുണ്ട്; | എഫ്) സംസ്ഥാന സർക്കാർ ഈ വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ കിൻഫ്ര പാർക്ക് മട്ടന്നൂരിന്റെ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| ജി) മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | ജി) ഇതിനോടകം പാർക്കിന്റെ പ്രവർത്തനം തുടങ്ങുന്നതിന്റെ ഭാഗമായി സർവ്വെ ജോലികൾ പൂർത്തിയാക്കി. മുൻവശത്തെ മതിലും ഗേറ്റും സെക്യൂരിറ്റിക്കുള്ള സൗകര്യമുൾപ്പെടെയുള്ള ജോലിക്കായി 90.34 ലക്ഷം രൂപയുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ